**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1168** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സിനിമ രംഗത്തെ അനഭിലഷണീയമായ പ്രവണതകൾ സംബന്ധിച്ചുള്ള ഹേമാകമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) | ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിലെ സ്ത്രീകളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>I .സിനിമാ സെറ്റിൽ ലൈംഗിക പരാതികൾ കൈകാര്യം ചെയ്യുന്നതിനായി നിയമപ്രകാരമുള്ള ഇന്റേണൽ കംപ്ലയ്ന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും നടപ്പാക്കിവരുന്നതുമാണ്.<br><br>II. സർക്കാർ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന സിനിമകളിൽ സ്ത്രീപക്ഷ പുരോഗമന വീക്ഷണങ്ങൾ ഉൾക്കൊള്ളിക്കുന്ന കാര്യം ശ്രദ്ധിക്കുന്നുണ്ട്.<br><br>III. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണത്തിനാവശ്യമായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>IV. തെരഞ്ഞെടുക്കപ്പെടുന്ന വനിതകൾക്ക് സിനിമകൾ സംവിധാനം ചെയ്യുന്നതിന് KSFDC മുഖാന്തിരം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്.<br><br>V. സിനിമയുടെ ഏതെങ്കിലും മേഖലയിൽ മികവ് പുലർത്തുന്ന സ്ത്രീ, ട്രാൻസ് ജെൻഡർ വിഭാഗങ്ങൾക്കായി ചലച്ചിത്ര അവാർഡുകളിൽ പ്രത്യേകം അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>VI. സിനിമയുടെ സാങ്കേതിക രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി |

തൊഴിൽ പരിശീലന പദ്ധതി ചലച്ചിത്ര അക്കാദമി മുഖേന ആരംഭിച്ചിട്ടുണ്ട്.

VII. സിനിമയിലെ കലാകാരന്മാർക്കും സാങ്കേതിക വിഭാഗത്തിൽ പ്രവർത്തിക്കുന്നവർക്കും തൊഴിലാളികൾക്കും വേതനം, തൊഴിൽ ദിനം, അവധി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകളടങ്ങിയ രേഖാമൂലമുള്ള കരാർ ഉറപ്പുവരുത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

VIII. സമഗ്രമായ സിനിമാ നയം ആവിഷ്കരിക്കുന്നത് സംബന്ധിച്ച് പ്രാഥമികമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ശ്രീ. ഷാജി എൻ. കരുൺ അദ്ധ്യക്ഷനായ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി സിനിമയിലെ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികളുമായി ചർച്ചകൾ നടത്തിവരുന്നു. ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കുവാനും ചലച്ചിത്ര മേഖല കൂടുതൽ സ്ത്രീ സൗഹൃദപരമായ തൊഴിലിടമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉണ്ടാകുന്ന തരത്തിലാണ് ടി കമ്മിറ്റിയുടെ കരട് നയരൂപീകരണം നടത്തുന്നത്. സിനിമാ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ആൾക്കാരുമായി ചർച്ച ചെയ്യുന്നതിന് സിനിമാ കോൺക്ലേവ് സംഘടിപ്പിക്കുന്നതാണ്.

IX. സിനിമയിലെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ട്രിബ്യൂണൽ സ്ഥാപിക്കുന്നതുൾപ്പെടെ ഉചിതമായ നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചു വരുന്നു.

X. ഹേമ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്നുണ്ടായ വെളിപ്പെടുത്തലുകളുടെയും കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ഐ. ജി. ശ്രീ. സ്പർജൻ കുമാർ ഐ.പി.എസ്. -ന്റെ നേതൃത്വത്തിൽ ഉയർന്ന വനിതാ പോലീസ് ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.

XI. ഹേമ കമ്മിറ്റി റിപ്പോർട്ടും അനുബന്ധ രേഖകളും പ്രസ്തുത അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് പുറത്തുവിട്ടതിന്റെ അടിസ്ഥാനത്തിൽ, 21.01.2025 വരെയുള്ള കണക്ക് പ്രകാരം, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 79 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ രണ്ട് കേസുകൾ

| | | | |
|---|---|---|---|
| | | | ബാംഗ്ലൂരിലേക്കും ഒരു കേസ് ചെന്നൈയിലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേസുകളിൽ അന്വേഷണം വിവിധ ഘട്ടങ്ങളിലാണ്. ഇക്കാര്യങ്ങൾ ബഹു.ഹൈക്കോടതി നിരീക്ഷിക്കുന്നുമുണ്ട്. |
| (ബി) | സിനിമാ രംഗത്തുണ്ടാകുന്ന തെറ്റായ പ്രവണതകൾ ഇല്ലാതാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിലെ സ്ത്രീകളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>I .സിനിമാ സെറ്റിൽ ലൈംഗിക പരാതികൾ കൈകാര്യം ചെയ്യുന്നതിനായി നിയമപ്രകാരമുള്ള ഇന്റേണൽ കംപ്ലയന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും നടപ്പാക്കിവരുന്നതുമാണ്.<br><br>II. സർക്കാർ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന സിനിമകളിൽ സ്ത്രീപക്ഷ പുരോഗമന വീക്ഷണങ്ങൾ ഉൾക്കൊള്ളിക്കുന്ന കാര്യം ശ്രദ്ധിക്കുന്നുണ്ട്.<br><br>III. സിനിമാ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തവും സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണത്തിനാവശ്യമായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിക്കും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>IV. തെരഞ്ഞെടുക്കപ്പെടുന്ന വനിതകൾക്ക് സിനിമകൾ സംവിധാനം ചെയ്യുന്നതിന് KSFDC മുഖാന്തിരം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്.<br><br>V. സിനിമയുടെ ഏതെങ്കിലും മേഖലയിൽ മികവ് പുലർത്തുന്ന സ്ത്രീ, ട്രാൻസ് ജെൻഡർ വിഭാഗങ്ങൾക്കായി ചലച്ചിത്ര അവാർഡുകളിൽ പ്രത്യേകം അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>VI. സിനിമയുടെ സാങ്കേതിക രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി തൊഴിൽ പരിശീലന പദ്ധതി ചലച്ചിത്ര അക്കാദമി മുഖേന ആരംഭിച്ചിട്ടുണ്ട്.<br><br>VII. സിനിമയിലെ കലാകാരന്മാർക്കും സാങ്കേതിക വിഭാഗത്തിൽ പ്രവർത്തിക്കുന്നവർക്കും തൊഴിലാളികൾക്കും വേതനം, തൊഴിൽ ദിനം, അവധി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകളടങ്ങിയ രേഖാമൂലമുള്ള കരാർ ഉറപ്പുവരുത്തണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | VIII. സമഗ്രമായ സിനിമാ നയം ആവിഷ്കരിക്കുന്നത് സംബന്ധിച്ച് പ്രാഥമികമായ നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി ശ്രീ. ഷാജി എൻ. കരുൺ അദ്ധ്യക്ഷനായ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി സിനിമയിലെ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികളുമായി ചർച്ചകൾ നടത്തിവരുന്നു. ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കുവാനും ചലച്ചിത്ര മേഖല കൂടുതൽ സ്ത്രീ സൗഹൃദപരമായ തൊഴിലിടമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉണ്ടാകുന്ന തരത്തിലാണ് ടി കമ്മിറ്റിയുടെ കരട് നയരൂപീകരണം നടത്തുന്നത്. സിനിമാ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ആൾക്കാരുമായി ചർച്ച ചെയ്യുന്നതിന് സിനിമാ കോൺക്ലേവ് സംഘടിപ്പിക്കുന്നതാണ്.<br><br>IX. സിനിമയിലെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ട്രിബ്യൂണൽ സ്ഥാപിക്കുന്നതുൾപ്പെടെ ഉചിതമായ നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിച്ചു വരുന്നു.<br><br>X. ഹേമ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതിനെ തുടർന്നുണ്ടായ വെളിപ്പെടുത്തലുകളുടെയും കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ഐ. ജി. ശ്രീ. സ്പർജൻ കുമാർ ഐ.പി.എസ്. -ന്റെ നേതൃത്വത്തിൽ ഉയർന്ന വനിതാ പോലീസ് ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്.<br><br>XI. ഹേമ കമ്മിറ്റി റിപ്പോർട്ടും അനുബന്ധ രേഖകളും പ്രസ്തുത അന്വേഷണ സംഘത്തിന് കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് പുറത്തുവിട്ടതിന്റെ അടിസ്ഥാനത്തിൽ, 21.01.2025 വരെയുള്ള കണക്ക് പ്രകാരം, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം 79 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ രണ്ട് കേസുകൾ ബാംഗ്ലൂരിലേക്കും ഒരു കേസ് ചെന്നൈയിലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേസുകളിൽ അന്വേഷണം വിവിധ ഘട്ടങ്ങളിലാണ്. ഇക്കാര്യങ്ങൾ ബഹു.ഹൈക്കോടതി നിരീക്ഷിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ